(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) തെങ്ങിന് മരുന്നുതളിക്കുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാന ആവശ്യങ്ങൾ താഴെ പറയുന്നവയാണ്:

1. രോഗബാധിതപ്രദേശമായ ജില്ലകളിൽ തെളിവുള്ള എല്ലാ കാലാവസ്ഥയിലും സ്പ്രേയിംഗ് നടത്തുക.

2. മരുന്നു തളി നിർബന്ധമാക്കുക

3. സ്പ്രേയിംഗ് തൊഴിലാളികളെ വർക്ക്മെൻകോമ്പൻസേഷൻ ആക്ടിലുൾപ്പെടുത്തുക.

4. ഓണം അഡ്വാൻസായി 100 രൂപാവീതം നൽകുക.

5. ഇന്നു നിലവിലുള്ള തൊഴിലാളികൾക്ക് മുൻകാല പ്രാബല്യത്തോടുകൂടിയ ബോണസ് നൽകുക.

6. തൊഴിലില്ലാത്ത അവസരങ്ങളിൽ തൊഴിലില്ലായ്മ വേതനമായി 150 രൂപാവീതം പ്രതിമാസം നൽകുക.

7. സ്പ്രേയിംഗ് തൊഴിലാളികളെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരായി നിയമിക്കുക.

8. സ്പ്രേയിംഗ് തൊഴിലാളികളെ തൊഴിലാളിക്ഷേമനിധിയിലുൾപ്പെടുത്തുക.

9. ബ്ലോക്ക് വികസന സമിതികളിൽ തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തുക.

(സി) ഓണം അഡ്വാൻസായി 75 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) തെങ്ങിന് മരുന്നുതളിക്കുന്നത് താൽക്കാലികവും കുറച്ചു ദിവസങ്ങൾക്കു മാത്രവുമുള്ള ജോലിയാകയാൽ അങ്ങനെയുള്ള തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ ഇപ്പോഴത്തെ ചുറ്റുപാടിൽ സാദ്ധ്യമല്ല.

ഏലാ വികസന കമ്മിറ്റി

575 [833] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏലാവികസന ഓഫീസുകളിലെ ഏലാ കമ്മിറ്റികളും സംഘടിപ്പിച്ചിട്ട് എത്ര വർഷമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏലാ വികസന കമ്മറ്റികളിൽ സ്ഥലത്തെ എം.എൽ.എ. മാരെ കൂടി ഉൾപ്പെടുത്തി ഏലാ കമ്മിറ്റി പുനഃസംഘടിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നെങ്കിൽ അത്തരത്തിൽ എം.എൽ.എ. മാരെ ഉൾപ്പെടുത്തി എല്ലാ കമ്മിറ്റികളും പുനഃസംഘടിപ്പിച്ച എത്ര എല്ലാ ഓഫീസ്സുകളുണ്ട്;

(ഡി) അവ ഏതെല്ലാം;

(ഈ) വളരെയധികം വികസന പ്രവർത്തനങ്ങളും ചെയ്തുതീർക്കേണ്ടുന്ന എല്ലാ ഓഫീസുകളിൽ എല്ലാ കമ്മറ്റി പുനഃസംഘടിപ്പിക്കേണ്ടുന്ന ചുരുങ്ങിയ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഏഴു വർഷമായി.
(ബി) നൽകിയിരുന്നു.
(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.
(ഈ) ഇല്ല.

ഫാമിംഗ് കോർപ്പറേഷൻ

576 [834] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര കൃഷി ഫാമുകളുണ്ടെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാം;

(ബി) വമ്പിച്ച തുക നഷ്ടം വരുത്തുന്ന കൃഷി ഫാമുകളെ കൂട്ടിച്ചേർത്ത് ഒരു ഫാമിങ്ങ് കോർപ്പറേഷൻ രൂപീകരിച്ച് ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ വേണ്ടുന്ന നടപടികളും സ്വീകരിക്കുമോ;

(സി) കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി കൃഷി വകുപ്പിലെ ഏതെങ്കിലും കൃഷിഫാമുകളും ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം കൃഷിഫാമുകളാണ് ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ അറുപതു കൃഷി ഫാമുകളും നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവ

1. ഡിസ്ട്രിക്റ്റ് അഗ്രിക്കൾച്ചറൽ ഫാം പെരിങ്ങമല
2. ,, അഞ്ചൽ
3. ,, കോഴ
4. ,, മാവേലിക്കര
5. ,, നേര്യമംഗലം
6. ,, മണ്ണുത്തി
7. ,, ചുങ്കത്തറ
8. ,, കൂത്താളി
9. ,, തളിപ്പറമ്പ്
10. കോക്കനട്ട് ഫാം, നീലേശ്വരം
11. കോക്കനട്ട് ഫാം, കൈതറിമല

LIBRARY ARCHIVES Kerala Legislative Assembly